ഉത്തരം

(എ) വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കുന്നതിനുവേണ്ടി 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും ആകെ 351.31 ലക്ഷം രൂപ താഴെ കാണിച്ചിരിക്കും പ്രകാരം സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

വർഷം	ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ	ദേശീയ ന്യൂന പക്ഷ വിഭാഗ വികസന കോർപ്പറേഷൻ
		(രൂപ ലക്ഷത്തിൽ)
2001-02	62.50	50.00
2002-03	100.00	100.00
2003-04	.....	38.81
ആകെ	162.50	188.81

(ബി) വായ്പയായിട്ടാണ് ലഭിച്ചിട്ടുള്ളത്.

(സി) കേരള വനിതാ വികസന കോർപ്പറേഷൻ നേരിട്ട് വനിതാ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകുന്നു.

(ഡി) വായ്പയായി ഗുണഭോക്താക്കൾക്ക് നൽകുന്നു.

(ഇ) ഈ വായ്പ ന്യൂനപക്ഷ/പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് നൽകുന്നത്.

വികലാംഗർക്ക് അവകാശ സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾ

27 (1218). ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗവൈകല്യം സംഭവിച്ചവർക്ക് തുല്യ അവസരങ്ങളും സമ്പൂർണ്ണപങ്കാളിത്തവും അവകാശസംരക്ഷണവും ഉറപ്പു നൽകുന്നതിന് വേണ്ടിയുള്ള 1995-ലെ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രൊഫഷണൽ- സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ വിദ്യാഭ്യാസത്തിനും സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിയമനത്തിനും അവസരം ലഭിക്കുന്നതിനായി സംവരണാനുകൂല്യം നൽകുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക ജീവനക്കാരായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അംഗവൈകല്യം സംഭവിച്ചവർക്ക് തുല്യ അവസരങ്ങളും സമ്പൂർണ്ണ പങ്കാളിത്തവും അവകാശ സംരക്ഷണവും ഉറപ്പു നൽകുന്നതിനുവേണ്ടിയുള്ള 1995-ലെ നിയമം നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് കമ്മീഷണർ പരിശോധിക്കുന്നു.

(ബി) സംവരണാനുകൂല്യം നൽകുന്നുണ്ട്. മൂന്നു ശതമാനം.

(സി) 15-8-98 മുതൽ 31-12-2000 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലുണ്ട്.

അഗതി ക്ഷേമ പദ്ധതി

28 (1220) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'അഗതി ക്ഷേമ പദ്ധതി' ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(സി) സർക്കാരിന്റെ സാമൂഹിക സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എല്ലാ ദരിദ്ര കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്താണെന്ന് അറിയിക്കാമോ ;

(ഇ) ഈ ബൃഹത്പദ്ധതി എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉദ്ദേശമുണ്ട്.

(ബി-ഇ) 2003-04-ലെ പ്ലാൻ ബഡ്ജറ്റിൽ 48 കോടി രൂപാ "സാമൂഹ്യ സുരക്ഷിതത്വ ശൃംഖലയ്ക്കും അഗതികളുടെ പരിരക്ഷയ്ക്കും മാർഗ്ഗ നിർദ്ദേശമായിട്ടുള്ള പദ്ധതി" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷിതത്വ പരിപാടികളും, നേരിട്ടുള്ള ധനസഹായ പരിപാടികളും ഒന്നിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly